Page 1 of 2

(ബി) ആയതുമായി ബന്ധപ്പെട്ട് നടപടികൾ നടത്തുന്നതിനായി നിയോഗിച്ച റിട്ടയേർഡ് ആയ റവന്യൂ ഉദ്യോഗസ്ഥർക്കായി നാളിതുവരെ ആകെ എന്ത് തുക ചെലവഴിച്ചു; എന്ന് മുതൽ; ഇക്കാര്യത്തിന് തുക കൈപ്പറ്റിയ രസീതിന്റെ പകർപ്പുകൾ സഹിതം മേശപ്പുറത്തുവയ്ക്കുമോ?

ശ്രീ വിനോദ് എം. പി: 4,73,333 രൂപ (17-9-2020 മുതൽ 30-6-2021 വരെ). ശ്രീ. വിനീഷ് എസ്: 3,78,667 രൂപ (17-9-2020 മുതൽ 30-6-2021 വരെ). കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഉദ്യോഗസ്ഥരുടെയും സാലറി SBI INB (bulk posting) വഴിയാണ് upload ചെയ്യുന്നത്. SBI INB-യിൽനിന്നും individual receipt എടുക്കുവാൻ നിർവ്വാഹമില്ല.

(സി) റിട്ടയേർഡ് ആയ ഇവർക്ക് നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

ടി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. ഇറക്കിയ നിയമന ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) തലസ്ഥാനത്തെ സിറ്റി ബസ് സ്റ്റാൻഡിന് പുറകിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഏറെ വിലമതിക്കുന്ന ഭൂമി കയ്യേറി കടകൾ സ്ഥാപിച്ചത് ഒഴിപ്പിക്കുവാൻ ഇവർക്ക് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

തലസ്ഥാനത്ത് സിറ്റി ബസ് സ്റ്റാൻഡിന് പിറകുവശത്ത് കടകൾ സ്ഥാപിച്ചത് ഒഴിപ്പിക്കാൻ കെ.എസ്.ആർ.ടി.സി.യിൽ നിയമിച്ച റിട്ടയേർഡ് റവന്യൂ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന പമ്പുകൾ

190 (2910) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്കായി പെട്രോൾ-ഡീസൽ പമ്പുകൾ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം പെട്രോൾ-ഡീസൽ പമ്പുകൾ ആരംഭിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ & ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ പമ്പുകളുള്ള ഡിപ്പോകളിൽ എല്ലാംതന്നെ പെട്രോൾ - ഡീസൽ പമ്പുകൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട്, തൃശ്ശൂർ, പെരിന്തൽമണ്ണ, മൂവാറ്റുപുഴ, ചാലക്കുടി, മാവേലിക്കര, ചടയമംഗലം, കിളിമാനൂർ എന്നീ 8 ഡിപ്പോകളിലെ പമ്പുകളിലാണ് ആദ്യഘട്ടത്തിൽ റീട്ടെയിൽ ഔട്ട്ലറ്റ് പമ്പുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ഇത് ആരംഭിക്കുന്നതിന്റെ ഇൻസ്റ്റലേഷൻ ചെലവുകൾ എണ്ണ കമ്പനികൾ വഹിക്കുമെന്നതിനാലും വിൽപ്പന യ്ക്കനുപാതികമായി ഡീലർ കമ്മീഷൻ കൂടുതൽ ലഭിക്കുന്നതിനാലും ഈ പുതിയ വരുമാനമാർഗ്ഗം കെ.എസ്. ആർ.ടി.സി.ക്ക് നേട്ടമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പെട്രോൾ പമ്പുകൾ

191 (2911) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി, കൂടുതൽ യാത്രാ സൗകാര്യങ്ങളൊരുക്കി, കൂടുതൽ യാത്രക്കാരെ ആകർഷിച്ച്, കൂടുതൽ വരുമാനം കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ. ടി.സി.-യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങളുപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ. ടി.സി.-യിലെ ജീവനക്കാരിൽ 25 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly